**No. CEE/888/2019/3 LL.B-2019/TA2**


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.


# വിജ്ഞാപനം

# ത്രിവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശനം – 2019

## ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചു

2019–20 അദ്ധ്യയന വർഷത്തെ ത്രിവത്സര എൽഎൽ.ബി കോഴ്സിൽ കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലെ സീറ്റുകളിലേയ്ക്കും 8 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെ 50% സർക്കാർ സീറ്റുകളിലേയ്ക്കും പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **12.07.2019 (വെള്ളിയാഴ്ച)** ആരംഭിച്ചു.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ **'Three Year LL.B 2019-Candidate Portal'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ 'Option Registration' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് **12.07.2019 മുതൽ 16.07.2019 ഉച്ചയ്ക്ക് 1** മണി വരെ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. **16.07.2019 ഉച്ചയ്ക്ക് 1** മണി വരെ ലഭ്യമാകുന്ന ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് 16.07.2019–ന് വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്. ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. ഇ–മെയിൽ, തപാൽ, ഫാക്സ് എന്നിവ മുഖേനയോ നേരിട്ടോ സമർപ്പിക്കുന്ന ഓപ്ഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 17.07.2019 മുതൽ 19.07.2019 വരെയുള്ള ഏതെങ്കിലും ഒരു തീയതിയിൽ കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

വിവിധകാരണങ്ങളാൽ പരീക്ഷാ ഫലം തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്കും ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഇത്തരം വിദ്യാർത്ഥികൾ 14.07.2019 വൈകുന്നേരം 5 മണിയ്ക്കകം മതിയായ രേഖകൾ അപ്‌ലോഡ് ചെയ്യാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.

**അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| 12.07.2019 | ഓപ്ഷൻ രജിസ്ട്രേഷന് വെബ്സൈറ്റ് സജ്ജമാകുന്നു |
| 16.07.2019 1 pm | ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം അവസാനിക്കുന്നു. |
| **16.07.2019** | **ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| 17.07.2019 മുതൽ 19.07.2019 വരെ | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടുന്ന തുക ഓൺലൈനായോ, തിരഞ്ഞെടുക്കപ്പെട്ട ഹെഡ്/സബ് പോസ്റ്റോഫീസ് വഴിയോ ഒടുക്കിയ ശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം. ബാക്കി ഫീസ് പ്രവേശന സമയത്ത് കോളേജിൽ ഒടുക്കേണ്ടതാണ്. |
| 19.07.2019 വൈകുന്നേരം 5–ന് | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ കോളേജ് പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന അംഗീകരിച്ച് നൽകണം. |

| DETAILS OF LAW COLLEGES INCLUDED IN CENTRALISED ALLOTMENT PROCESS (CAP) | | | | | |
|---|---|---|---|---|---|
| Sl. No | College Code | Name of College | Course Code | Name of Course | Total Seats |
| **GOVERNMENT LAW COLLEGES** | | | | | |
| 1 | TVL | GOVT. LAW COLLEGE, THIRUVANANTHAPURAM | L3 | 3 YEAR LL.B | 100 |
| 2 | EKL | GOVT. LAW COLLEGE, ERNAKULAM | L3 | 3 YEAR LL.B | 100 |
| 3 | TCL | GOVT. LAW COLLEGE, THRISSUR | L3 | 3 YEAR LL.B | 100 |
| 4 | KKL | GOVT. LAW COLLEGE, KOZHIKODE | L3 | 3 YEAR LL.B | 100 |
| **PRIVATE SELF FINANCING LAW COLLEGES** | | | | | |
| 1 | AAL | AL-AMEEN LAW COLLEGE, SHORNUR, PALAKKAD | L3 | 3 YEAR LL.B | 60 |
| 2 | ATL | AL AZHAR LAW COLLEGE, THODUPUZHA, IDUKKI | L3 | 3 YEAR LL.B | 60 |
| 3 | CPL | CSI INSTITUTE OF LEGAL STUDIES, PARASSALA, TRIVANDRUM | L3 | 3 YEAR LL.B | 60 |
| 4 | KML | KMCT LAW COLLEGE, MALAPPURAM | L3 | 3 YEAR LL.B | 50 |
| 5 | MCL | MCT COLLEGE OF LEGAL STUDIES, MELMURI, MALAPPURAM. | L3 | 3 YEAR LL.B | 50 |
| 6 | MKL | MARKAZ LAW COLLEGE, KARANTHUR, KOZHIKODE | L3 | 3 YEAR LL.B | 50 |
| 7 | NCL | NEHRU ACADEMY OF LAW, LAKKIDI, PALAKKAD | L3 | 3 YEAR LL.B | 60 |
| 8 | SEL | SREE NARAYANA LAW COLLEGE, POOTHOTTA, ERNAKULAM | L3 | 3 YEAR LL.B | 60 |

**ഫീസ്**

| കോളേജുകൾ | ഫീസ് |
|---|---|
| ഗവൺമെന്റ് ലോ കോളേജുകൾ | **വാർഷിക ട്യൂഷൻ ഫീസ്** – 1,575/– രൂപ |
| സ്വകാര്യ സ്വാശ്രയ ലോ കോളേജുകൾ **(ഗവൺമെന്റ് സീറ്റ്)** | **വാർഷിക ട്യൂഷൻ ഫീസ്** – 30,000/– രൂപ<br>സ്പെഷ്യൽ ഫീസ് – 5,000/– രൂപ<br>കോഷൻ ഡെപ്പോസിറ്റ് – 5,000/– രൂപ<br>തിരികെ ലഭിക്കുന്ന നിക്ഷേപം – 50,000/– രൂപ |

സർക്കാർ ലോ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ മുഴുവൻ ഫീസ് തുകയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 5,000/– രൂപ പ്രവേശന പരീക്ഷാ കമ്മീഷണർക്കും ബാക്കി ട്യൂഷൻ ഫീസ്, മറ്റു ഫീസ്, ഡെപ്പോസിറ്റ് എന്നിവ അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ തന്നെ അഡ്മിഷൻ സമയത്ത് ഒടുക്കേണ്ടതാണ്. വാർഷിക ട്യൂഷൻ ഫീസ്, മറ്റു ഫീസ്, ഡെപ്പോസിറ്റ് എന്നിവ പ്രതിപാദിക്കുന്ന സർക്കാർ ഉത്തരവ് വെബസൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളത് പരിശോധിക്കുക.
അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് പ്രോസ്പെക്ടസ് ക്ലോസ് **6**–ൽ പറയുന്ന യോഗ്യത നേടിയിരിക്കണം.

**അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ:**

1. വിദ്യാർത്ഥിയുടെ ഡാറ്റാ ഷീറ്റ്
2. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ട്മെന്റ് മെമ്മോ.
3. എസ്.എസ്.എൽ.സി/ജനന തീയതി തെളിയിക്കുന്ന മറ്റു സ്കൂൾ രേഖകൾ/ജനന സർട്ടിഫിക്കറ്റ്/പാസ്സ്പോർട്ട് എന്നിവയിൽ ഒന്നിന്റെ അസ്സൽ.
4. യോഗ്യതാ പരീക്ഷയുടെ മാർക്ക്ലിസ്റ്റുകളും പാസ്സ് സർട്ടിഫിക്കറ്റും (അസ്സൽ)
5. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും
6. അടുത്ത കാലത്തെടുത്ത നാല് പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ്.

7. സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ/ബാങ്ക് എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അപേക്ഷകർ അതത് സ്ഥാപന മേധാവിയിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.
8. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ/ബോർഡുകളിൽ നിന്ന് യോഗ്യതാ പരീക്ഷ പാസായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ഒരു യൂണിവേഴ്സിറ്റി നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
9. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
10. നേറ്റിവിറ്റി/സംവരണം/ഫീസ് ഇളവ് എന്നിവ തെളിയിക്കുന്നതിനായി ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ.
11. പ്രോസ്പെക്ടസ്/വിജ്ഞാപനങ്ങൾ/അലോട്ട്മെന്റ് മെമ്മോ എന്നിവയിൽ പറഞ്ഞിട്ടുള്ള മറ്റ് സർട്ടിഫിക്കറ്റുകൾ/രേഖകൾ.

**നിർദ്ദിഷ്ട തീയതികളിൽ കോളേജുകളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. അവരെ തുടർന്നുള്ള ഓൺലൈൻ അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല.**

**കുറിപ്പ്**: അഡ്മിഷൻ നേടാൻ താത്പര്യമില്ലാത്ത കോളേജുകളിലേക്ക്/കോഴ്സുകളിലേയ്ക്ക് അനാവശ്യമായി ഓപ്ഷനുകൾ നൽകാൻ പാടില്ല.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
12.07.2019